**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1591** **16-10-2026-ൽ മറുപടിയ്ക്ക്**

**2024-ലെ കായിക ഉച്ചകോടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. കെ. നവാസ്

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. പാറക്കൽ അബ്ദുല്ല

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,

മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 2024-ൽ സംഘടിപ്പിച്ച കായിക ഉച്ചകോടിയിൽ എത്ര കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിച്ചിരുന്നത്; വ്യക്തമാക്കാമോ;

**മറുപടി:** വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്.

**(ബി)** പ്രസ്തുത കായിക ഉച്ചകോടിയിലെ ഏതെല്ലാം പ്രഖ്യാപനങ്ങളാണ് നടപ്പിലാക്കാൻ കഴിഞ്ഞത്;

**മറുപടി:** അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇസ്പോർട്ട്സ്, സ്പോർട്ട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്ട്സ്, സ്പോർട്ട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്. എന്നാൽ നിക്ഷേപകരുടെ സാമ്പത്തിക സഹകരണത്തോടെ ഒരു പദ്ധതിയും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

**(സി)** ഫുട്ബോൾ കോംപ്ലക്സിനും ബാസ്കറ്റ്ബോൾ അക്കാദമിക്കും സാമ്പത്തിക സഹായം നൽകുമെന്ന് അറിയിച്ചിരുന്നോ; എങ്കിൽ എത്ര തുക സഹായമായി നൽകി; വിശദമാക്കാമോ?

**മറുപടി:** ഫുട്ബോൾ കോംപ്ലക്സുകൾ, അക്കാദമികൾ, സ്പോർട്ട്സ് സെന്ററുകൾ, സ്പോർട്ട്സ് വില്ലേജുകൾ മുതലായ പദ്ധതികൾക്ക് നിക്ഷേപ വാഗ്ദാനമുണ്ടായിരുന്നെങ്കിലും സ്വകാര്യ സംരംഭകരിൽ നിന്നും നിക്ഷേപമൊന്നും ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**